കഥ

●

പി. ഇബ്റാഹീം

# മൊബൈൽ

**വിമാനം** ലാന്റ് ചെയ്യാനായെന്ന മുന്നറിയിപ്പിലേക്കാണയാൾ ഉണർന്നത്. ഉറങ്ങിയതല്ല. കഴിഞ്ഞ കാലങ്ങളോരോന്ന് ഓർമയിൽ പതഞ്ഞു പൊങ്ങിയപ്പോൾ സ്ഥലകാലബോധം നഷ്ടപ്പെട്ടതാണ്.

പുറത്ത് കടക്കാനാളുകൾക്ക് ധൃതിയായി. ചിലർക്കിത് ആദ്യത്തെ തിരിച്ചുവരവാകും, മറ്റു ചിലർ വിവാഹം കഴിഞ്ഞ് പോയവരാകും. അന്നൊക്കെ തനിക്കും ഇതുപോലെ തിരക്കുണ്ടായിരു
ന്നു. ല ... ആദ്യത്തെ തിരിച്ചുവരവിന് ഉപ്പയും ഉമ്മയും



യും പെങ്ങളും വിമാനത്താവളത്തിലെത്തി
ുന്നു. രണ്ടാമത്തെ വരവിന് ഒരാൾ കൂടി
ണ്ടായിരുന്നു. മകൻ, അന്നവന് ഒരു വയ
ായിട്ടുള്ളൂ. മോണ കാട്ടിയുള്ള അവന്റെ
ിരി കണ്ടപ്പോൾ എടുത്തൊരുപാടു ഉമ്മ
വെച്ചു. കണ്ണുകൾ നിറഞ്ഞതറിഞ്ഞില്ല,
ഒരു വർഷമായിട്ടിവന്റെ കരച്ചിലും
ചിരിയും കണ്ട് ഒരുപാട് രാത്രികളിൽ
ഉറക്കം നഷ്ടപ്പെട്ടിട്ടുണ്ട്. ഒഴിവു സമയ
ത്തൊക്കെ വെറുതെ കുട്ടിയുടെ
പാൽചിരി നോക്കിയിരിക്കും.

മക്കളായി. സൗകര്യമുള്ള വീടായി.
ലോഡ്ജും കുറച്ച് ഭൂമിയുമുണ്ട്. കഴിഞ്ഞ
വിന് ഇനി തിരിച്ച് പോവില്ലെന്നുറപ്പിച്ച
ിരുന്നു.

ന്റ ഭാര്യ, അവൾ ഒരുപാട് തടിച്ചിരിക്കുന്നു.
ളും മാനേജ് ചെയ്യാൻ അവൾ മതി.
ന്നില്ലെന്ന് പറഞ്ഞപ്പോൾ അവളുടെ മുഖം
തതാവും.

ള്ളൂ. കോൺട്രാക്ടർ സൈതലവി ഹാളി
ലിരുന്ന് പത്രം ... വായിക്കുകയാണ്. അകന്നൊരു ബന്ധുകൂടിയാണ്. അതുകൊണ്ട് വന്നതാകും.

എന്റെ മുഖം വായിച്ചാവണം അവൾ അടുത്തേക്ക് വേഗം വന്നു.

കഴിഞ്ഞ പ്രാവശ്യം വന്നപ്പോഴാണ് അകത്തെ മൊസൈക്ക് മുഴുവൻ കൊത്തിക്കളഞ്ഞ് ടൈൽസ് വിരിച്ചത്. ഇനി എന്ത് പണിയാണിവിടെ!

നമ്മുടെ മതിലൊക്കെ പൊളിഞ്ഞ് തുടങ്ങിയിട്ടുണ്ട്. പിന്നെ ഇപ്പൊ ഈ മോഡലൊന്നുമല്ല മതില്. അടുത്ത വീടുകളുടെ മതിലൊക്കെ നിങ്ങൾ കണ്ടില്ലേ.

അയാളുടെ കൂർത്ത കണ്ണുകളുടെ നോട്ടം സഹിക്കാനാവാതെ അവൾ തലതാഴ്ത്തി. താനി

നിയും ഇങ്ങനെയവളെ നോക്കിയാലവൾ കരയും, വന്നിട്ട് ഒരു ദിവസമായില്ല.
അയാൾ സൈതാലിക്ക് നേരെ തിരിഞ്ഞു. ഒരുപാട് പണമാകില്ലേ.
ഹേയ് ഏറിയാലൊരഞ്ച് ലക്ഷം. പിന്നെ സുലൈഖാത്ത പറഞ്ഞത് പോലുള്ള ഗേറ്റിന് ഒന്ന്, ഒന്നേകാൽ ലക്ഷമെങ്കിലും വരും.
ഇപ്പോഴത്തെ ഗേറ്റിനെന്താ തകരാറ്?
നീ, ഇവിടുന്നിറങ്ങിയിട്ട് അങ്ങാടിവരെ ഒന്ന് നടന്ന് നോക്ക്യേ. ഇത്രക്ക് ചെറിയ ഗേറ്റുള്ള ഒറ്റ വീടുണ്ടോ എന്ന്.
അയാൾ തിരിഞ്ഞ് നോക്കി. അവളവിടെ ഉണ്ടായിരുന്നില്ല. തിരിച്ചു പോരുമ്പോഴും മതിൽ പണി തീർന്നിരുന്നില്ല.
അവൾ കരണ്ടു ബില്ലു കാണിച്ചുതന്നു. 2500/– രൂപേ!
കഴിഞ്ഞ മാസത്തേക്കാൾ 150/– രൂപ കുറവാണ്. ആയിശാബീന്റെ വീട്ടില് 3300/– രൂപയാ. അവിടെ രണ്ട് മുറിയില് എ.സിയുണ്ട്.
വലിയവന് ഹോർലിക്സ് പറ്റില്ല. അവന് ബൂസ്റ്റ് വേണം. മോൾക്ക് ഹോർലിക്സേ പറ്റൂ. മാസം 7000/– രൂപയിൽ ചെലവൊതുക്കുന്നത് ഞാനായത് കൊണ്ടാ.
താനിനി ഗൾഫിലേക്ക് മടങ്ങി പോവുന്നില്ലെന്ന്, അയാൾ പിന്നൊരിക്കലും പറഞ്ഞില്ല. അവള തേക്കുറിച്ച് ചോദിച്ചതുമില്ല. രണ്ട്മാസം കഴിഞ്ഞപ്പോൾ ദേശാടന പക്ഷിയെപോലെ അയാൾ മടങ്ങി.
ഇപ്പോൾ രണ്ട് വർഷം പൂർത്തിയായിരിക്കുന്നു. വരുന്നില്ലേന്ന് അവൾ ഇടക്ക് ചോദിക്കും. നാട്ടിലെ വില കയറ്റത്തെ കുറിച്ച് പറഞ്ഞ് കൊണ്ടാവും സംസാരം അവസാനിക്കുക.
ഇപ്രാവശ്യത്തേത് ഒരു സർപ്രൈസ് വിസിറ്റാക്കണമെന്ന് തോന്നി.
കുട്ടികൾ അവർക്കാവശ്യമുള്ള സാധനങ്ങളുടെ വിവരങ്ങൾ അറിയിച്ചു തുടങ്ങിയിരുന്നു. രണ്ടാമത്തവന് ബാറ്റ്, മോൾക്ക് വള.
വലിയവന് മൊബൈൽ ഫോൺ. കാമറയും പാട്ടുമൊക്കെയുള്ള മൊബൈൽ ഫോണിന്റെ കമ്പനിയും മോഡലും എല്ലാമവൻ അറിയിച്ചിരുന്നു.
മൊബൈൽ ഫോണിന്റെ വില കേട്ട് അയാൾ ഞെട്ടി. 30,000 രൂപ.
ഇതും ഇതിലേറെ വില കൂടിയതുമാണിപ്പോൾ ആളുകൾക്ക് വേണ്ടത്.
കാഴ്ചയിൽ ആദ്യം കാണിച്ച ഫോണിന്റെ അതേ പോലുള്ള മറ്റൊന്നെടുത്തു. താനുപയോഗിക്കുന്ന ഫോണിന്റെ നാലുമടങ്ങ് വിലയുണ്ടിതിന്. കുട്ടിക്ക് ഇഷ്ടാവില്ലെന്നയാൾക്ക് അറിയാമായിരുന്നു. എന്നാലും പറഞ്ഞ് ബോധ്യപ്പെടുത്താം.
സൂര്യൻ കാറിലേക്ക് ചെരിഞ്ഞു നോക്കി തുടങ്ങി. അസ്തമയത്തിന് മുമ്പേ വീട്ടിലെത്താനാവും.
വലിയ ഗേറ്റുകൾ ഡ്രൈവർ തള്ളിതുറന്നു. കാർപോർച്ചിൽ കാറു നിർത്തുമ്പോൾ അവളുടെ മുഖത്താകെ അങ്കലാപ്പായിരുന്നു.
ങ്ഹാ.... എന്താ വരുന്നതറിയിക്കാതെ, എന്ത് പറ്റി....
ഒന്നും പറ്റിയതല്ല. ഒരു സർപ്രൈസ് ആകട്ടെ എന്ന് വിചാരിച്ചു.
സത്യം!
സത്യം.
കുട്ടികൾ മിഠായികൾ എടുത്ത് തിന്നുന്നത്, അയാൾ നോക്കിയിരുന്നു.
കുട്ടികൾ ഓരോ പൊതിയും അഴിച്ചു നോക്കുകയാണ്.
എവിടെ മൊബൈൽ ഫോൺ.
അയാൾ രഹസ്യമാക്കിവെച്ച, ചെറിയ പെട്ടി അവനു നേരെ നീട്ടി. നീ പറഞ്ഞ കമ്പനിയൊന്നുമല്ല.
ങ്ഹും.. അതെന്താ!
അയാൾ എന്തോ പറയാനൊരുങ്ങുകയായിരുന്നു.
അതിനുമുമ്പവൻ രൂക്ഷമായിട്ടയാളെ ഒന്ന് നോക്കി. ഇതാണോ!
ഒറ്റയേറ്.
മുറിയിൽ ചിതറിയ മൊബൈൽ ഫോണിന്റെ കഷ്ണങ്ങൾക്കിടയിലേക്ക് അയാളുടെ രണ്ടിറ്റ്

കണ്ണീർ വീണത് ആരും കണ്ടില്ല. വല്ലാത്ത ദാഹം തോന്നി. വെള്ളം ചോദിച്ചില്ല. അകത്തെ വെള്ള വിരിച്ച കട്ടിലിൽ അയാൾ കണ്ണടച്ചു കിടന്നു.

കാർ, ഹോം തിയേറ്റർ, വലുതായി വരുന്ന മകൾക്ക് നൂറു പവൻ..... ഇനിയും ഒരുപാട് മോഹങ്ങൾക്ക് വിലയുറപ്പിച്ചു വെച്ചിരുന്നു.

മുറിയിലാകെ ഇരുട്ട് പരന്നിരിക്കുന്നു. സുലൈഖാബി സ്വിച്ച് ഓൺ ചെയ്തു. കരണ്ടില്ല. അയാളെ മെല്ലെ കുലുക്കി വിളിച്ചു. അനക്കമില്ല. അവൾക്കെന്തോ ഭയം തോന്നി. ജനലുകൾ തുറന്നു, പുറത്തേക്ക് നോക്കി. സൂര്യൻ എപ്പോഴോ അസ്തമിച്ചിരുന്നു. ■